**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2010-11 വർഷത്തെ മികച്ച സിഡിഎസുകളുടെ തെരഞ്ഞെടുപ്പ് - പരിഷ്ക്കരിച്ച മാർഗ്ഗ രേഖക്കും ഗ്രേഡിംഗ് സൂചകങ്ങൾക്കും അംഗീകാരം നൽകിക്കൊണ്ടും, അവാർഡ് നിർണയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാ)നം. 1725/11/തസ്വഭവ** **തിരുവനന്തപുരം, തീയതി: 19/7/2011**

---

പരാമർശം:-- 1. 09/5/2011 ലെ കുടുംബശ്രീ ഗവേണിംഗ് ബോഡിയോഗ തീരുമാനം
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04-06-2011 ലെ കെ. എസ്./എം/2429/11 നമ്പർ കുറിപ്പ്

**ഉത്തരവ്**

പരാമർശം 2-ലെ കുറിപ്പിലൂടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിവരിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2010-11 സാമ്പത്തിക വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടുള്ള ജില്ലാ തലത്തിലെ അഞ്ച് വീതം സി.ഡി.എസുകൾക്കും, സംസ്ഥാന തലത്തിലെ പത്ത് സി.ഡി.എസുകൾക്കും (അഞ്ച് നഗര സിഡിഎസുകൾക്കും, അഞ്ച് ഗ്രാമ സിഡിഎസുകൾക്കും) ക്യാഷ് അവാർഡ് നൽകുന്നതിന്, അനുമതി നൽകിക്കൊണ്ടും ജില്ലാ സംസ്ഥാന തലങ്ങളിലെ അവാർഡ് നിർണയത്തിനും മികച്ച സി.ഡി.എസുകളുടെ തെരഞ്ഞെടുപ്പിനുമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള കമ്മറ്റികൾക്ക് രൂപം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

<u>സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി</u>

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് (ചെയർമാൻ)
2. എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ (കൺവീനർ)
3. MNREGS ഗ്രാമവികസന വകുപ്പ് കമ്മീഷണർ
4. മിഷൻ ഡയറക്ടർ
5. നഗരകാര്യ ഡയറക്ടർ
6. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പ്രതിനിധി
7. നബാർഡിന്റെ പ്രതിനിധി
8. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുടെ പ്രതിനിധി
9. മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ സെക്രട്ട റിയുടെ പ്രതിനിധി
10. കുടുംബശ്രീ ഗവേണിംഗ് ബോഡി പ്രതിനിധി

## ജില്ലാതല അവാർഡ് നിർണയ കമ്മിറ്റി

1. ജില്ലാ ആസൂത്രണ സമിതി ചെയർമാൻ
2. ജില്ലാ കളക്ടർ
3. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
4. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറി
5. ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഓഫീസർ
6. ലീഡ് ബാങ്ക് ഓഫീസർ
7. നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ

ജില്ലാതല അവാർഡ് കരസ്ഥമാക്കുന്ന സി.ഡി.എസുകൾക്ക് 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) വീതവും സംസ്ഥാനതല അവാർഡ് കരസ്ഥമാക്കുന്ന സി.ഡി.എസുകൾക്ക് 2,75,000/- (രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) വീതവും ക്യാഷ് അവാർഡ് നൽകുന്നതാണ്. അവാർഡ് നിർണയത്തിനായി കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗീകരിച്ചിട്ടുള്ളതും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നതുമായ മാർഗ്ഗ രേഖയും ഗ്രേഡിംഗ് മാനദണ്ഡങ്ങളും അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു. അവാർഡ് വിതരണത്തിനാവശ്യമായ തുക കുടുംബശ്രീയുടെ സംഘടനാശാക്തീകരണ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**എം. ഷാഹുൽ ഹമീദ്**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അവാർഡ് നിർണയ കമ്മിറ്റീ അംഗങ്ങൾക്ക്
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

അനുബന്ധം

<u>മികച്ച സി.ഡി.എസിനെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖ</u>

| ക്രമനമ്പർ | പ്രവർത്തനം | സ്ലാബ് | മാർക്ക് |
|---|---|---|---|
| 1. | കവറേജ് | എസ്സി 100% | 3 |
| | | എസ്ടി 100% | 3 |
| | | എസ്സി 80% | 2 |
| | | എസ്ടി 80% | 2 |
| | | എസ്സി 75% | 1 |
| | | എസ്ടി – 75% | 1 |
| 2. | സ്പെഷ്യൽ അയൽക്കൂട്ടം – ഒരു അയൽക്കൂട്ടത്തിന് 1 മാർക്ക് വീതം പരമാവധി 3 മാർക്ക് | | പരമാവധി 3 മാർക്ക് |
| 3. | അയൽക്കൂട്ടതലത്തിലെ മിതവ്യയ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളും, ലിങ്കേജ് വായ്പാ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നതിനും, 100% തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ രേഖകളും, രജിസ്റ്ററുകളും, മറ്റ് റെക്കോർഡുകളും സിഡിഎസ് തലത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ | | 5 |
| 4. | ഗ്രേഡിംഗ് & ലിങ്കേജ് (തൻ സാമ്പത്തിക വർഷത്തെ അടിസ്ഥാനപ്പെടുത്തിയും ആകെ അയൽക്കൂട്ട എണ്ണത്തിന് അനുസൃതമായും | > 90% | 10 |
| | | 80% > 89% | 8 |
| | | 70% > 79% | 5 |
| 5. | ഓഡിറ്റിംഗ് (തൻ സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കിയും ആകെ അയൽക്കൂട്ട, എഡിഎസ്, സിഡിഎസ് എണ്ണത്തിന് ആനുസൃതമായും | അയൽക്കൂട്ടം > 90% | 6 |
| | | അയൽക്കൂട്ടം 75% > 89% | 5 |
| | | അയൽക്കൂട്ടം 65% > 74% | 2 |
| | | അയൽക്കൂട്ടം 60% > 64% | 2 |
| | | എഡിഎസ് > 90% | 4 |
| | | എഡിഎസ് 75% > 89% | 3 |
| | | എഡിഎസ് 65% > 74% | 2 |
| | | എഡിഎസ് 60% > 64% | 2 |

| | | | |
|---|---|---|---|
| 6. | രജിസ്ട്രേഷൻ – സിഡിഎസിന്റെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ മാത്രമേ അയൽക്കൂട്ട – എഡിഎസുകളുടെ അഫിലിയേഷൻ പരിഗണിക്കുകയുള്ളൂ | അയൽക്കൂട്ടം 100% | 5 |
| | | അയൽക്കൂട്ടം 80% | 4 |
| | | അയൽക്കൂട്ടം 75% | 2 |
| | | എഡിഎസ് 100% | 5 |
| | | എഡിഎസ് 80% | 4 |
| | | എഡിഎസ് 75% | 2 |
| 7. | സിഡിഎസ്, എഡിഎസ് മീറ്റിംഗ്, സബ്കമ്മറ്റി മീറ്റിംഗുകളുടെ എണ്ണം, പങ്കാളിത്തം, ഹാജർ | ഒരു മാസത്തിൽ കുറഞ്ഞത് 2 സിഡിഎസ് മീറ്റിംഗ്, 2 എഡിഎസ് മീറ്റിംഗുകൾ വീതം ചേരുകയും, തീരുമാനങ്ങൾ, നടപടിക്രമങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തകുയും, മിനിട്സിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും നൽകുകയും ചെയ്യുന്നുണ്ടെങ്കിൽ. | 5 മാർക്ക് |
| | | ഒരു മാസത്തിൽ ഒരു തവണയെങ്കിലും സിഡിഎസ്, എഡിഎസ് മീറ്റിംഗ് ചേർന്നിട്ടില്ലായെങ്കിൽ | നെഗറ്റീവ് 5 മാർക്ക് |
| | | ഓരോ എഡിഎസ് , സിഡിഎസ് മീറ്റിംഗുകളിലേയും പങ്കാളിത്തം/ഹാജർ 100% | 5 |
| | | ഓരോ എഡിഎസ് / സിഡിഎസ് മീറ്റുംഗുകളിലേയും പങ്കാളിത്തം/ഹാജർ 80% | 3 |
| | | ഓരോ സിഡിഎസ്/ എഡിഎസ് മീറ്റുംഗുകളിലേയും പങ്കാളിത്തം/ഹാജർ 75% | 2 |
| 8. | സിഡിഎസിലെ എല്ലാ ഉപ സമിതികളുടേയും മീറ്റിംഗുകൾ മാസത്തിൽ 2 തവണയെങ്കിലും ചേരുന്നുണ്ടെങ്കിൽ– (മിനിസ്ട് ബുക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ). | | 5 മാർക്ക് |
| 9. | സിഡിഎസിന് ലഭിക്കുന്ന വാർഷിക വരിസംഖ്യയുടെ 25% തുക പ്രവർത്തന ഫണ്ടായി എഡിഎസുകൾക്ക് കൈമാറിയിട്ടില്ലെങ്കിൽ | | നെഗറ്റീവ് 2 മാർക്ക് |
| 10. | സിഡിഎസിന് ലഭിക്കുന്ന വാർഷിക വരിസംഖ്യയുടെ 25 ശതമാനത്തിൽ അധികം പ്രവർത്തന ഫണ്ടായി എഡിഎസുകൾക്ക് നൽകിയിട്ടുണ്ടെങ്കിൽ | | 2 മാർക്ക് |
| 11. | സർക്കാർ ഉത്തരവ് സ.ഉ നം. 4430/08 ത സ്വ ഭ വ 29-12-08 നിർണ്ണയിച്ചിരിക്കും പ്രകാരം വിലയിരുത്തൽ സമതി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ (ജില്ലാമിഷന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ) | | 5 മാർക്ക് |

| | | | |
|---|---|---|---|
| 12. | സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങൾ | ആകെ അയൽക്കൂട്ട കുടുംബങ്ങളുടെ എണ്ണത്തിന്റെ 10% എങ്കിലും ആളുകൾ കുടുംബശ്രീയുടെയും, തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ വരുമാനദായക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ | 5 മാർക്ക് |
| | | അധികമുള്ള ഒരോ പത്ത് ശതമാനത്തിനും | 2 മാർക്ക് വീതം പരമാവധി 15 മാർക്ക് |
| 13. | സംഘ കൃഷി (ജെഎൽജി) | ആക്ഷൻ പ്ലാനിൽ നിർണ്ണയിച്ചിട്ടുള്ള ടാർജറ്റിന്റെ 100% കൈവരിച്ചാൽ | 10 |
| | | 80% കൈവരിച്ചാൽ | 8 |
| | | 70% കൈവരിച്ചാൽ | 7 |
| | | 60% കൈവരിച്ചാൽ | 6 |
| | | 50% കൈവരിച്ചാൽ | 5 |
| 14. | ബാങ്ക് ലിങ്കേജ് ചെയ്ത ജെഎൽജികൾ | > 50% | 5 |
| | | 25% > 50% | 3 |
| | | 10% > 25% | 2 |
| | | 10% > 20% | 1 |
| 15. | ആക്ഷൻ പ്ലാൻ ലക്ഷ്യത്തിന് അനുസൃതമായി പലിശ സബ്സിഡി സ്കീം പ്രകാരമുള്ള വായ്പാ സഹായം ലഭ്യമാക്കിയ അയൽക്കൂട്ടങ്ങൾ | 76 % 100% | 10 |
| | | 60 % 75% | 8 |
| | | 50 % 59% | 5 |

| | | | |
|---|---|---|---|
| | | എല്ലാ മാസവും കുടുംബശ്രീ ചന്തകൾ സംഘടിപ്പിക്കുന്നുണ്ടെങ്കിൽ | 5 |
| | | മൂന്നു മാസത്തിലൊരിക്കൽ ചന്ത സംഘടിപ്പിക്കുന്നുണ്ടെങ്കൽ | 3 |
| 16. | വിപണി | സ്വന്തമായി ചന്തയില്ല എങ്കിലും കുടുംബശ്രീ ഉൽപന്നങ്ങൾ മറ്റ് കുടുംബശ്രീ ചന്തയിലും, വിപണന മേളകളിലും എല്ലാമാസവും വിപണനത്തിനായി എത്തിക്കുന്നുണ്ടെങ്കിൽ (കുറഞ്ഞത് 5 സംരംഭകരുടെയെങ്കിലും പങ്കാളിത്തം നിർബന്ധം) | 2 |
| | | ബ്രാൻഡ് ചെയ്ത കുടുംബശ്രീ ഉൽപന്നങ്ങൾ ഉണ്ടെങ്കിൽ | 5 |
| | | സംഘകൃഷി ഉൽപന്നങ്ങൾക്ക് സിഡിഎസ് പരിധിയിൽ പ്രത്യേക വിപണി ഉണ്ടെങ്കിൽ | 3 |
| | | 1)3 അയൽക്കൂട്ടത്തിന് ഒരു ബാലസഭ<br>2) ബാലപഞ്ചായത്ത്<br>3) ബാലസഭ പ്രവർത്തക സംഘം + സുഹൃദ് സംഘം അല്ലെങ്കിൽ പുതുമയാർന്ന പ്രവർത്തന പരിപാടി | 10 |
| 17. | ബാലസഭ | 1)എല്ലാ വാർഡിലും ശരാശരി 3 ബാലസഭ എങ്കിലും<br>2) ബാലപഞ്ചായത്ത്<br>3)ബാലസഭ റിസോഴ്സ് ഗ്രൂപ്പ് അല്ലെങ്കിൽ പുതുമയാർന്ന പ്രവർത്തനം | 7 |
| | | സജീവമായ 25 ബാലസഭകൾ തനതായ പുതുമയാർന്ന പ്രവർത്തനം | 5 |
| 18. | നേതൃത്വ ശേഷി | ത്രിതല സംഘടനാ സംവിധാനത്തിൽ നിന്ന് 10 ൽ കുറയാത്ത ആളുകൾ പഞ്ചായത്തിനു പുറത്തുള്ള കുടുംബശ്രീ പ്രവർത്തനങ്ങളിലോ, മറ്റ് പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളിലോ നേതൃത്വപരമായ പങ്ക് നിർവ്വഹിക്കുന്നുണ്ടെങ്കിൽ | 5 മാർക്ക് |

| | | | | |
|---|---|---|---|---|
| 19. | പദ്ധതി സംയോജനം | സിഡിഎസ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സംരംഭം, സംഘകൃഷി, ബാലസഭ എന്നീ മൂന്ന് ഘടകങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ 75% എങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ | | 10 |
| | | 50% സംയോജനം നടന്നിട്ടുണ്ടെങ്കിൽ | | 7 |
| | | 25% സംയോജനം നടന്നിട്ടുണ്ടെങ്കിൽ | | 5 |
| 20. | സ്ത്രീശാക്തീകരണ മെഖലയിൽ നൂതനമായ പദ്ധതികൾ / പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടെങ്കിൽ (സ്ത്രീപദവി പഠനം, മദ്യവർജ്ജന പരിപാടികൾ, എച്ച്.ഐ.വി പോസിറ്റീവ് വ്യക്തികൾക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ തുടങ്ങിയവ) | | | 5 |
| 21. | തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക കർമ്മപദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംഘടനാ സംവിധാനത്തി ലൂടെ നൂതനമായ വനിതാ ഘടക പദ്ധതി/ ദാരിദ്ര ലഘുകരണ ഉപ- പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ | | | 5 |
| 22. | വിവിധ കേന്ദ്രാവിഷ്കൃത - ഭവന നിർമ്മാണ പദ്ധതികളിലെ പങ്കാളിത്തം - (നഗരപ്രദേശങ്ങളിൽ) | ഗുണഭോക്തൃ വിഹിത സമാഹരണം + കരാർ Execution + നിർമ്മാണം ആരംഭിച്ച ഭവനങ്ങൾ | 100% | 5 |
| | | | 85% | 3 |
| | | | 75% | 2 |
| | | നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങൾ | 100% | 5 |
| | | | 85% | 3 |
| | | | 75% | 2 |
| | | പൂർത്തീകരിക്കാനെടുത്ത സമയം | 6 മാസം വരെ | 5 |
| | | | 6 മാസം മുതൽ 1 വർഷം വരെ | 4 |
| | | | 1 വർഷം മുതൽ 1 വർഷം വരെ | 3 |
| | | | 1 വർഷം മുതൽ 2 വർഷം വരെ | 1 |

| | | | |
|---|---|---|---|
| 23. | വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ പങ്കാളിത്തം | | 5 |
| 24. | ആശ്രയ പദ്ധതി | സിഡിഎസിന്റെ നേതൃത്വത്തിൽ ആശ്രയ സർവ്വേ നടത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ | 2 മാർക്ക് |
| 25. | | വിലയിരുത്തൽ സമിതിയിലും സിഡിഎസിലും ആശ്രയ പ്രോജക്ടിന്റെ നിർവ്വഹണം നിരന്തരം വിലയിരുത്തുന്നുണ്ടെങ്കിൽ | 2 മാർക്ക് |
| 26. | | ആശ്രയ - ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട സേവനങ്ങളുടെ ലഭ്യത അയൽക്കൂട്ടം, എഡിഎസ് വഴി നിരന്തരം വിലയിരുത്തുന്നുണ്ടെങ്കിൽ | 1 മാർക്ക് |
| 27. | ബഡ്സ് സ്കൂകൾ, തുടങ്ങിയ ഇന്നവേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെങ്കിൽ | | 5 മാർക്ക് |
| 28. | തൊഴിലുറപ്പ് പദ്ധതി/ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. | തൊഴിൽ കാർഡ് - അയൽക്കൂട്ട കുടുംബങ്ങളിൽ 90% പേർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ടെങ്കിൽ | 3 മാർക്ക് |
| 29. | | 60% പേർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ | 2 മാർക്ക് |
| 30. | | 50% പേർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ | 1 മാർക്ക് |
| 31. | | സംഘകൃഷിയുമായി സംയോജനം നടന്നിട്ടുണ്ടെങ്കിൽ | 2 മാർക്ക് |
| 32. | | മേറ്റുകളുടെ പ്രവർത്തനം ചിട്ടയായി നടക്കുന്നുണ്ടെങ്കിൽ ( പരാതി രഹിതമായ പ്രവർത്തനം, സുതാര്യമായ നടപടി സ്വീകരിക്കൽ, സിഡിഎസിന്റെ നേതൃത്വത്തിലുള്ള മേറ്റുമാരുടെ റിവ്യൂ മീറ്റിംഗ് എന്നിവ കൃത്യമായി നടക്കുന്നുണ്ടെങ്കിൽ | 2 മാർക്ക് |
| 33. | | തൊഴിലുറപ്പ് പദ്ധയിൽ പണിയെടുക്കുന്ന കുടുംബശ്രീ പ്രവർത്തനകർ അനൗപചാരികമോ, ഔപചാരികമോ ആയ ലേബർ ടീമായി മറ്റ് കാർഷിക/ കാർഷികേതര ജോലികൾക്കായി പോകുന്നുണ്ടങ്കിൽ | 1 മാർക്ക് |
| 34. | ജില്ലാതലത്തിലുള്ള പ്രത്യേക പിയർ ഗ്രൂപ്പ് വിലയിരുത്തൽ | | 25 മാർക്ക് |